PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Tuesday, *the 20th March 1951*

VOL. III] OFFICIAL REPORT [No. 11

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 20th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate, the serial number in the list of admitted questions for the day.)

Oral Answers

VICE-CHANCELLOR

*720. [1] **Sri. D. Gnanasigamoni :** Will the Hon'ble Minister for Education be pleased to state.—

(*a*) whether steps have been taken to fill the vacancy caused by the resignation of Sri. Nandan Menon, Vice-Chancellor of the Travancore University ;

(*b*) the person now in charge of the duties of the Vice-Chancellor; and

(*c*) when do the Government hope to fill up that vacancy ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) The question is under consideration.

(*b*) Sri. P. R. Parameswara Panicker, the Registrar is in charge of the duties of the Vice-Chancellor.

(*c*) In due course.

Sri. D. Gnanasigamoni : How long is it since the present person has been deputising for the Vice-Chancellor.

Sri. T.K. Narayana Pillai : Ever since Mr. Menon left this State Service.

Sri. D. Gnanasigamoni : May I know whether the person in charge can exercise all the powers and privileges of the Vice-Chancellor ?

Sri. T. K. Narayana Pillai : Only in certain cases.

തൊഴിൽതർക്ക കേസുകൾ

* ൧൨൯. (൩) ശ്രീ. കണ്ണാറ തോപ്പാലകൃഷ്ണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൊഴിൽതർക്കനിയമം ലംഘിച്ചതിന് ആരുടെയെങ്കിലും പേരിൽ കേസു കൊടുക്കുവാൻ ഗവൺമെൻറ് അധികാരവും അനുവാദവും കൊടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമാധാനം വാങ്ങിയതിനുശേഷമാണോ അപ്രകാരം ചെയ്തിട്ടുള്ളതു";

(സി) ആ വിധത്തിലുള്ള കേസുകൾ ഇപ്പോൾ എത്രയെണ്ണം നിലവിലുണ്ടെന്നു പറയാമോ; എത്ര തീർന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു".

(ബി) അങ്ങനെ സമാധാനം വാങ്ങണമെന്നു തൊഴിൽതർക്കനിയമത്തിൽ വ്യവസ്ഥയില്ല. എങ്കിലും ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ നിയമമനുസരിച്ചു് പ്രവർത്തിക്കണമെന്നു മാനേജ്മെൻറിനോടു പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും കേൾക്കാത്ത സന്ദർഭങ്ങളിൽ മാത്രമേ കേസു കൊടുത്തിട്ടുള്ളൂ.

(സി) മൂന്നെണ്ണം നിലവിലുണ്ടു". ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൻെറ അവാർഡ് വ്യവസ്ഥകൾ കേസു കൊടുത്തതിനുശേഷം നടപ്പിൽ വരുത്തിയതിനാൽ രണ്ടു കേസുകൾ പിൻവലിച്ചിട്ടുണ്ടു".

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ

* ൭൫൨. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലേബർ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൻെറ അവാർഡിനെ അവഗണിച്ചതിലേക്കു് എത്ര കേസുകൾ എടുത്തിട്ടുണ്ടു";

(ബി) അവയിൽ എത്രയെണ്ണം തീർപ്പുചെയ്തു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൩.

(ബി) ഒന്നും തീർപ്പുചെയ്തിട്ടില്ല. വേറെ രണ്ടു കേസുകളിൽ പ്രതികൾ അവാർഡ് അനുസരിച്ചു് പിന്നീടു പ്രവർത്തിച്ചതിനാൽ കേസു് പിൻവലിച്ചിട്ടുണ്ടു".

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ചാലക്കുടി മാച്ചു് ഫാക്ടറി രണ്ടു മാസമായി പൂട്ടിയിട്ടിരിക്കുന്നതു് ഗവൺമെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. ചാലക്കുടി മാച്ചു് ഫാക്ടറിയിൽ കഴപ്പുണ്ടാകും മുമ്പു് ഉണ്ടായിട്ടുള്ളതായും ആ കഴപ്പുണ്ടാകും തീർത്തിട്ടുള്ളതായും അറിയാം. എന്നാൽ ഇപ്പോൾ കഴപ്പും ഉള്ളതായിട്ടു് അറിവില്ല.

ശ്രീ. എ. പി. നമ്പ്യാർ: ചാലക്കുടി മാച്ചു് ഫാക്ടറി മാനേജ്മെൻറ് അവാർഡ് ലംഘിച്ചതായി ഗവൺമെൻറിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ലംഘിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ഷിഫ്റ്റ് സിസ്റ്റം

* ൭൫൩. (൫) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly